## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് - പാലക്കാട് - 2007-08 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3(4)-ന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

ജി.ഒ (ആർ.ടി) നം. 311/14/തസ്വഭവ. തിരുവനന്തപുരം, തീയതി: 03/02/2014

---

പരാമർശം:- 1) ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23/09/2013-ലെ കത്തും ഗ്രാമപഞ്ചായത്തിന്റെ 04/12/2012-ലെ 19-ാം നമ്പർ തീരുമാനവും

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 09/12/2013-ലെ എൽ.എഫ്/പി.റ്റി2/18394/13-ാം നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(4) പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ച 41,680/- രൂപ ആഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിനു സാധൂകരണം ലഭ്യമാക്കണമെന്ന ഗ്രാമപഞ്ചായത്തിന്റെ 04/02/2012-ലെ 19-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ വാദ്യകലയിൽ പരിശീലനം എന്ന പദ്ധതി വളരെ വിജയകരമായി പൂർത്തിയാക്കുകയും അതിന്റെ ഫലമായി 14 പേർക്ക് സ്വയംതൊഴിൽ ലഭിക്കുകയും ചെയ്തിട്ടുള്ളതിനാൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ നടപ്പാക്കിയിട്ടുള്ള പദ്ധതി അതിന്റെ യഥാർത്ഥ ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് ചെലവിട്ട 41,680/-രൂപയ്ക്ക് സർക്കാറിന് ഉചിതമായ നടപടിയിലൂടെ സാധൂകരണം നൽകാവുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ്

റിപ്പോർട്ട് ഖണ്ഡിക 3(4) പ്രകാരം തടസ്സപ്പെടുത്തിയ 41,680/- (നാല്പത്തിയൊന്നായിരത്തി, അറനൂറ്റി എൺപത് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പ്രസന്നകുമാരി, എം,സി,

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ. പാലക്കാട്

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

സെക്രട്ടറി, ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്, പാലക്കാട്

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ